# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1538   06.03.2020 -ലെ മറുപടിയ്ക്ക്

## കേരള സർവ്വകലാശാലയിൽ മാർക്ക് കൂട്ടി നൽകിയ സംഭവം

ചോദ്യം

ശ്രീമതി. ഷാനിമോൾ ഉസ്മാൻ
ശ്രീ. എ.പി. അനിൽ കുമാർ
ശ്രീ. വി.ടി.ബൽറാം
ശ്രീ. അനിൽ അക്കര

ഉത്തരം

ഡോ.കെ.ടി.ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| എ) | കേരള സർവ്വകലാശാലയിൽ വ്യാജ പാസ് വേഡ് ഉപയോഗിച്ച് ബി.എസ്.സി. ഡിഗ്രി യുടെ പതിനാറ് പരീക്ഷകളിലെ മാർക്ക് കൂട്ടി നൽകി വിദ്യാർത്ഥികളെ വിജയിപ്പിച്ചത് സംബന്ധിച്ച അന്വേഷണം ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (എ) | സർവ്വകലാശാല തലത്തിലുള്ള അന്വേഷണം പൂർത്തിയായിട്ടുണ്ട്. ക്രൈംബ്രാഞ്ച് അന്വേഷണം നടന്നുവരുന്നു. |
| (ബി) | ഇപ്രകാരം അധികം മാർക്ക് ലഭിച്ച വിദ്യാർത്ഥികളെ പ്രോ-വൈസ് ചാൻസലർ അദ്ധ്യക്ഷനായ കമ്മിറ്റി സർവ്വകലാശാല ആസ്ഥാനത്ത് വിളിച്ചുവരുത്തി മോഡറേഷനിലൂടെ നൽകിയ അധിക മാർക്ക് റദ്ദാക്കുവാൻ അനുവാദം തേടിയിട്ടുണ്ടോ; | (ബി) & (സി) | വിദ്യാർത്ഥികളുടെ അനുമതി തേടുവാൻ നിയമം നിഷ്കർഷിക്കുന്നില്ല. കേരള സർവ്വകലാശാല ഫസ്റ്റ് സ്റ്റാറ്റ്യൂട്ട്, 1977, ചാപ്റ്റർ 31 ലെ ചട്ടങ്ങൾ പ്രകാരമാണ് ഒരിക്കൽ നൽകിയ യോഗ്യത/സർട്ടിഫിക്കറ്റ് റദ്ദ് ചെയ്യുന്നതുമായി ബന്ധപ്പെട്ട നടപടികൾ കൈക്കൊണ്ടുവരുന്നത്. |
| (സി) | കേരള സർവ്വകലാശാല സ്റ്റാറ്റ്യൂട്ടിലെ ഏത് വകുപ്പ് പ്രകാരമാണ് ഇപ്രകാരം വിദ്യാർത്ഥികളുടെ അനുവാദം തേടിയത്; വിശദമാക്കാമോ; | | |
| (ഡി) | അധിക മാർക്ക് മോഡറേഷനിലൂടെ ലഭിച്ച വിദ്യാർത്ഥികളിൽ എത്ര പേർക്ക് ഇതിനകം ഡിഗ്രി സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; | | 4 (നാല്). |
| (ഇ) | പ്രസ്തുത ഡിഗ്രി സർട്ടിഫിക്കറ്റുകൾ പിൻവലിക്കുന്നതിന് സർവ്വകലാശാല | | ഉണ്ട്; നടപടികൾ സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ആയതിനുള്ള നടപടിക്രമങ്ങൾ പാലിച്ചിരുന്നോ; വിശദവിവരം നൽകാമോ? | | |

സെക്ഷൻ ഓഫീസർ.